Nabeela Noushar A
Junior Runner Up 1
S N S M Hr. Sec. School, Elampaloor
Kollam

## ‘‘ഡിയജിറ്റൽ ടെക്നോളജീ: അത് നീങ്ങളൂടെ ജീവീമ്മം മെച്ചപ്പെടുന്തൂന്നത് എങ്ങനെ? രാജ്യത്തിന്റെയും ജനങ്ങളുകെയും പൂരോഗതിക്കു വേണി ഡിജിറ്റൽ ടെക്ക്നംളജി ഇഞനെ ഉപയോഗിക്കഞെരെന്നംണ് നിങ്ങൾ വിചാരിക്കുന്നൽ?’’

21-ാം നൂറ്റാണ്ട് സാങ്കേതികവിദ്യയുടെ (ഡിജിറ്റൽ ടെക്നോളജി) യുഗമാണ്. ഉല്പാദനത്തിലോ ശാസ്ത്രീയാന്വേഷണം പോലെയുള്ള ലക്ഷ്യപൂർത്തീകരണങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്ന കഴിവുകളുടെയും മാർഗ്ഗങ്ങളുടെയും പ്രക്രിയകളുടെയും ഒരു ശേഖരമായി ഇതിനെ കണക്കാക്കാം. മനുഷ്യസമൂഹത്തിൽ ശാസ്ത്രം എൻജീയറിംഗ് എന്നീ മേഖലകളാണ് പ്രധാനമായും ഇതുമായി ബന്ധപ്പെടുന്നത്. ഉപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവുമാണ് സാങ്കേതികവിദ്യയുടെ പ്രധാന മേഖല. പ്രകൃതി വിഭവങ്ങളെ ലളിതമായ ഉപകരണങ്ങളായി മാറ്റിയതാണ് മനുഷ്യനുപയോഗിച്ച ആദ്യത്തെ സാങ്കേതികവിദ്യ എന്നു കണക്കാക്കാം. ചരിത്രാതീതകാലത്തെ കണ്ടുപിടുത്തമായതിന്റെ നിയന്ത്രണവും പിൻതുടർന്നുവന്ന നവീന ശിലായുഗവും വിപ്ലവവും ആഹാര സ്രോതസുകൾ വർദ്ധിപ്പിക്കുകയും ചക്രത്തിന്റെ കണ്ടുപിടുത്തം മനുഷ്യരെ പരിസ്ഥിതിക്കകത്തു സഞ്ചരിക്കാനും നിയന്ത്രിക്കാനും സഹായിച്ചു. അച്ചടിയന്ത്രത്തിന്റെയും ടെലിഫോണിന്റെയും ഇന്റർനെറ്റിന്റെയും കണ്ടുപിടുത്തങ്ങൾ അടക്കം, ആശയവിനിമയത്തിന്റെ ഭൗതികപരിതികൾ കുറിക്കുകയും ആഗോളതലത്തിൽ സൗരവിഹാരം നടത്താൻ സാധ്യമാക്കുകയും ചെയ്തു. സാങ്കേതിവിദ്യയുടെ വരവോടെ നമ്മുടെ ജീവിതം മെച്ചപ്പെട്ടുകഴിഞ്ഞു. ഡിജിറ്റൽ ടെക്നോളജി നമ്മുടെ ജീവിത പുരോഗതിയിൽ ഒഴിവാക്കാൻ പറ്റാത്ത ഘടകമായി മാറിയിരിക്കുകയാണ്. ഈ യുഗത്തിൽ ഡിജിറ്റൽ ടെക്നോളജി ഇല്ലാതെ ജീവിക്കാൻ കഴിയില്ല.

രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്കുവേണ്ടി ഡിജിറ്റൽ ടെക്നോളജി ഉപയോഗിക്കണം. അതിന്റെ ഭാഗമായി ഇന്ത്യയിൽ എല്ലായിടത്തും ഇന്റർനെറ്റ് സൗകര്യം എത്തിക്കുകയും ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള സർക്കാർ പദ്ധതിയാണ് ‘‘ഡിജിറ്റൽ ഇന്ത്യ’’ ഈ പദ്ധതിയുടെ ആരംഭമായി 2015 ജൂലൈ 1ന് ഡിജിറ്റൽ ഇന്ത്യ വാരാഘോഷം ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടക്കാൻ കഴിയും. ഡിജിറ്റൽ ഇന്ത്യയെ അടുത്ത തലത്തിലേക്കുയർത്തുന്നു. ‘‘ജനശാക്തീകരണത്തിലൂടെ ജനജീവിതം സമ്പുഷ്ടമാക്കുന്നതിലൂടെ’’ (Taking the power of digital to the next level. Empowering people. Enriching lives) എന്ന മുദ്രാവാക്യത്തോടെയാണ് ഡിജിറ്റൽ ഇന്ത്യ വാരാഘോഷം സംഘടിപ്പിക്കപ്പെട്ടത്. റിലയൻസ്, ടാറ്റാ, വിപ്രോ, ആദിത്യ ബിർള, എയർബസ്, ഭാരതി എന്റർപ്രൈസസ്, ഹീറോ, ലാവാ ഇന്റർനാഷണൽ തുടങ്ങിയ കമ്പനികൾ ഈ പദ്ധതിയിൽ പങ്കാളികളാകും.

രാജ്യത്തെ കർഷകർ, ദരിദ്രർ തുടങ്ങിയ എല്ലാവർക്കും ഇ-ഗവേർണൻസും, ഇ-കോമേഴ്സും ഉൾപ്പെടെ എല്ലാ ഇന്റർനെറ്റ് സേവനങ്ങളും എത്തിക്കുക, ഐടി ഉല്പന്നങ്ങളുടെ ഇറക്കുമതി കുറച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സഹായം നൽകുക, എല്ലാ സ്ക്കൂളുകളിലും സർവകലാശാലകളിലും ബ്രോഡ്ബാന്റ് കണക്ഷൻ തുടങ്ങിയവകളാണ് ഡിജിറ്റൽ ഇന്ത്യയുടെ ലക്ഷ്യങ്ങൾ. ഭാരത്നെറ്റ്, ഇ-സൈൻ, സ്വച്ച് ഭാരത് ആപ്പ്, ആധാർ മൊബൈൽ അപ്ഡേറ്റ് ആപ്പ് തുടങ്ങിയ ഇനങ്ങളാണ് ഡിജിറ്റൽ ഇന്ത്യയുടെ പ്രമുഖ സംരംഭങ്ങൾ. ഡിജിറ്റൽ ടെക്നോളജി രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്ക് ഉദകട്ടെ.